## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **10-06-2021 - ൽ മറുപടിയ്ക്ക്**

## അർഹരായ എല്ലാവർക്കും പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | അർഹരായ മുഴുവൻ പേർക്കും നിയമത്തിനകത്ത് നിന്ന് കൊണ്ട് പട്ടയം നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർക്കാർ ഭൂമി കൈയേറി താമസിച്ചുവരുന്നവരും പട്ടയം ലഭിച്ചിട്ടില്ലാത്തവരുമായ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ടി ഭൂമിയിലെ പ്രതിഷേധമില്ലാത്ത കയ്യേറ്റങ്ങളും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്ത കയ്യേറ്റങ്ങളും ബന്ധപ്പെട്ട് പതിവ് കമ്മിറ്റികളുടെ ശുപാർശ പ്രകാരം അർഹരായ എല്ലാവർക്കും നിയമപ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിന് താലൂക്ക് തലത്തിൽ പ്രത്യേക അവലോകനം നടത്തി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | അനധികൃതമായി കൈയേറിയ സർക്കാർ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കാനും അത് അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യാനുമുള്ള നടപടി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | 1957 ലെ കേരള ഭൂസംരക്ഷണ നിയമവും അനുബന്ധമായുള്ള 1958 ലെ ഭൂസംരക്ഷണ ചട്ടത്തിന്റെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു. പതിവിന് യോഗ്യമായിട്ടുള്ള ഭൂമി 1960 ലെ കേരള ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പതിച്ചു നൽകുന്നുണ്ട്. |
| (സി) | ഇതിനായി താലൂക്ക് ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രിബ്യൂണലുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിലുള്ള ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാനുള്ള കേസുകൾ തീർപ്പാക്കുന്നതിന് എല്ലാ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. നടപ്പു കുടിയാൻമാരുടെ |

| | | | |
|---|---|---|---|
| | | | കൈവശ ഭൂമി അവർക്ക് പതിച്ചുകൊടുക്കുന്നതിന് സങ്കീർണ്ണതകൾ ഒഴിവാക്കുന്നതി നായി ലാൻഡ് ബോർഡിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാനുള്ള കേസുകളിൽ വിചാരണ നീണ്ടുപോകുന്ന തരത്തിൽ മാറ്റി വയ്ക്കാതെ നിയമാനുസൃതം തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ